LIBRARY ARCHIVES Kerala Legislative Assembly

മലയിൻകീഴ് സബ്രജിസ്ട്രാർ ഓഫീസ് കെട്ടിടം

303 (2033) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യത്തിന് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ:

മലയിൻകീഴ് സബ്രജിസ്ട്രാർ ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ; നിർമ്മാണപ്രവർത്തനങ്ങൾ എന്ന് പൂർത്തീകരിക്കാനാകുമെന്നും വ്യക്തമാക്കാമോ?

ഇരുനിലകളിലായി വിഭാവനചെയ്ത മലയിൻകീഴ് സബ്രജിസ്ട്രാർ ഓഫീസ് കെട്ടിടത്തിന്റെ രണ്ടുനിലകളും വാർത്തുകഴിഞ്ഞു. കെട്ടിട നിർമ്മാണ പ്രവൃത്തികളിൽ അലംഭാവം കാണിച്ചതിനാൽ മേൽ പ്രവർത്തിയുടെ കരാറുകാരനെ നഷ്ടോത്തരവാദിത്വത്തോടെ ഒഴിവാക്കിയതിനെത്തുടർന്ന് ബാലൻസ് ഷെഡ്യൂൾ തയ്യാറാക്കി ബാക്കിയുള്ള പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

എടച്ചേരി സബ് രജിസ്ട്രാർ ഓഫീസ് കെട്ടിടനിർമ്മാണം

304 (2034) ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ:

(എ) നാദാപുരം മണ്ഡലത്തിലെ എടച്ചേരി സബ് രജിസ്ട്രാർ ഓഫീസ് കെട്ടിട നിർമ്മാണത്തിന് ഭൂമി ലഭ്യമായിട്ടുണ്ടോ; വ്യക്തമാക്കുമോ;

&

(ബി) പ്രസ്തുത പ്രവൃത്തിക്ക് പഞ്ചായത്ത് വകുപ്പിൽനിന്നും ഭൂമി ലഭ്യമാക്കാൻ രജിസ്ട്രേഷൻ വകുപ്പ് നാളിതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ?

ഇല്ല; കോഴിക്കോട് ജില്ലയിലെ എടച്ചേരി വില്ലേജിൽ എടച്ചേരി ദേശത്തിൽ സർവ്വേ നമ്പർ 163/5-ൽപ്പെട്ട എടച്ചേരി ഗ്രാമപഞ്ചായത്ത് ഉടമസ്ഥതയിലുള്ള 10 സെന്റ് സ്ഥലം രജിസ്ട്രേഷൻ വകുപ്പിന് ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിനുവേണ്ടി കൈമാറുന്നതിനുള്ള എടച്ചേരി ഗ്രാമപഞ്ചായത്ത് ഭരണ